ഉത്തരം

(എ)-(സി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന വൻകിട - ചെറുകിട വ്യവസായങ്ങളുടെ അനുപാതം 1:1213 ആയിരുന്നു. ഇപ്പോൾ ഈ അനുപാതം ഏകദേശം 1:1348 ആണ്.

11 (513) വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്ന സംവിധാനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വർഷംതോറും അവലോകനം ചെയ്യാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു സംവിധാനമാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പുന:സംഘടിപ്പിക്കാൻ ഉദ്ദേശം ഉണ്ടോ?

ഉത്തരം

(എ)&(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഓരോ മാസവും നടത്തുന്ന പ്ലാൻ റിവ്യൂ മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ട്. സാമ്പത്തിക വർഷങ്ങളുടെ ആരംഭത്തിൽ നടത്തുന്ന പ്ലാൻ റിവ്യൂ കോൺഫറൻസിൽ വ്യവസായ വകുപ്പ് മുൻവർഷം നടപ്പിലാക്കിയ എല്ലാ പദ്ധതികളെപ്പറ്റിയും അവലോകനം നടത്തുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) തൽക്കാലം നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

12 (514) വൈദ്യുതി ചാർജ് വർദ്ധനവ്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലായി നടന്ന വൈദ്യുതി ചാർജ് വർദ്ധനവ് സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ചാർജിന്റെ വർദ്ധനവ് പിൻവലിക്കണമെന്ന് വ്യവസായികൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉൽപ്പാദനച്ചെലവ് വർദ്ധിക്കുകയും ലാഭം കുറയുകയും ചെയ്യും. ഉൽപ്പന്നവില വർദ്ധിപ്പിച്ചു ലാഭമുണ്ടാക്കാൻ ശ്രമിച്ചാൽ വിപണന മാന്ദ്യം സംഭവിക്കും.

(ബി)&(സി) ഉണ്ട്. വർദ്ധിപ്പിച്ച വൈദ്യുതി ചാർജിൽ നിന്നും ചെറുകിട വ്യവസായങ്ങളെ ഒഴിവാക്കണമെന്ന് ചെറുകിട വ്യവസായ അസ്സോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൻകിട വ്യവസായികളും ഇപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സി.ഐ.ഐ. യും (സതേൺ റീജിയൻ) ഇത് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13 (515) വൈദ്യുതി ചാർജ് വർദ്ധനവ് മൂലം അടച്ചു പൂട്ടിയ വ്യവസായങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതിചാർജ്ജ് താങ്ങാൻ കഴിയാത്തതുമൂലം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ട് എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ വൈദ്യുതി ചാർജ്ജ് വർദ്ധന കാരണം അടച്ചു പൂട്ടിയിട്ടില്ല. ചെറുകിട വ്യവസായ മേഖലയിലുളവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

14 (516) എഫ്.ടി., ഇ.എഫ്.ടി ഉപഭോക്താക്കളുടെ മേൽ ചുമത്തിയ വൈദ്യുതി വർദ്ധന

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 15-ാം തീയതി മുതൽ പ്രാബല്യത്തിൽവന്ന ഉത്തരവു മൂലം ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ വ്യാവസായിക ഉപഭോക്താക്കളുടെ മേൽ ചുമത്തിയ 40% വൈദ്യുതി വിലവർദ്ധനവ് വ്യാവസായിക മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ്;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly